**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1574** **03-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതർക്കും പട്ടയത്തിനർഹരായവർക്കും പട്ടയം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; അറിയിക്കുമോ; | (എ) | "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട്" -എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂരഹിതർക്കും രേഖകളില്ലാതെ നിയമപരമായി ഭൂമി കൈവശം വച്ച് വരുന്നവർക്കും പട്ടയം നൽകുക എന്ന പ്രധാനപ്പെട്ട ലക്ഷ്യം ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് 'പട്ടയമിഷൻ' രൂപീകരിക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നിയമസഭ മണ്ഡല അടിസ്ഥാനത്തിൽ പട്ടയ അസംബ്ലി സംഘടിപ്പിക്കുകയും ചെയ്ത് അപേക്ഷകരെ കണ്ടെത്തി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>ജില്ലകളിൽ ഭൂരഹിതർക്കും പട്ടയത്തിനർഹരായവർക്കും പട്ടയം നൽകുന്നതിനായി, പട്ടയത്തിനുള്ള അപേക്ഷകളിൽ കൈവശ ഭൂമി പതിവിന് വിധേയമാണോ എന്ന് പരിശോധിച്ച് ബന്ധപ്പെട്ട പതിവ് ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ ഓരോ വില്ലേജിലേയും/പഞ്ചായത്തിലേയും പട്ടയ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ആയവ പരിഹരിച്ച് പട്ടയം നൽകുന്നതിനുമായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങിയ നിയമസഭാ മണ്ഡലാടിസ്ഥാനത്തിലുള്ള പട്ടയ അസംബ്ലികൾ നിലവിലുള്ളതും ടി പട്ടയ അസംബ്ലികളിൽ ഉന്നയിക്കപ്പെടുന്ന പട്ടയപ്രശ്നങ്ങളിൽ താലൂക്ക് ജില്ലാതലങ്ങളിൽ പരിഹരിക്കാൻ കഴിയുന്ന പട്ടയ വിഷയങ്ങൾ ടി തലങ്ങളിൽ പരിഹരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. താലൂക്ക്, ജില്ലാതലങ്ങളിൽ പരിഹരിക്കാൻ കഴിയാത്ത പട്ടയ പ്രശ്നങ്ങൾ പട്ടയ ഡാഷ് ബോർഡിൽ ചേർത്ത് സർക്കാരിൽ പരിശോധിച്ചു വരുന്നു.<br><br>ഭൂരഹിതർക്ക് അതിദാരിദ്ര്യമുക്ത ഗുണഭോക്താക്കളെ വില്ലേജ് അടിസ്ഥാനത്തിൽ കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഭൂമി അനുവദിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | 2,33,947 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം | ജില്ല | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 7235 |
| 2 | കൊല്ലം | 4667 |
| 3 | പത്തനംതിട്ട | 2665 |
| 4 | ആലപ്പുഴ | 1756 |
| 5 | കോട്ടയം | 4028 |
| 6 | ഇടുക്കി | 19143 |
| 7 | എറണാകുളം | 10148 |
| 8 | തൃശ്ശൂർ | 34459 |
| 9 | പാലക്കാട് | 55506 |
| 10 | മലപ്പുറം | 38769 |
| 11 | കോഴിക്കോട് | 24439 |
| 12 | കണ്ണൂർ | 19772 |
| 13 | വയനാട് | 4710 |
| 14 | കാസർഗോഡ് | 6650 |
| **ആകെ** | | **2,33,947** |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് അർഹരായിട്ടും പട്ടയം ലഭിക്കാത്തവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പട്ടയം വിതരണം വൈകുന്നതിന് പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്നും അവർക്ക് എപ്പോൾ പട്ടയം വിതരണം ചെയ്യുമെന്നും അറിയിക്കുമോ? | (സി) | സംസ്ഥാനത്ത് അർഹരായിട്ടും പട്ടയം ലഭിക്കാത്തവരുടെ എണ്ണം കണക്കാക്കിയിട്ടില്ലായെന്ന് ജില്ലാകളക്ടർമാർ അറിയിച്ചിട്ടുള്ളതാണ്. പട്ടയം വിതരണം വൈകുന്നതിന് പ്രധാന കാരണങ്ങൾ വനഭൂമി, തീരദേശ പരിപാലന നിയമം (CRZ) എന്നിവയുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ, ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള കോടതി കേസുകൾ, സർവ്വെ നടപടികളിലെ കാലതാമസം എന്നീ സാങ്കേതിക തടസ്സങ്ങൾ നീക്കി, നിയമപരമായ പരിശോധനകൾ പൂർത്തിയാക്കി, അർഹരായ മുഴുവൻ ആളുകൾക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മുമ്പ് പതിച്ചുകൊടുത്ത ഭൂമി കൈയ്യേറി താമസിച്ച് വരുന്ന ആളുകൾക്ക് പട്ടയം അനുവദിക്കേണ്ടി വരുന്ന സാഹചര്യത്തിൽ മുമ്പ് അനുവദിച്ച് പട്ടയം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. നിലവിൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിന് തടസ്സം നേരിടുന്ന കേസുകൾ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, ഇത് കൂടാതെ വിവിധ നിയമ പ്രശ്നങ്ങൾ കാരണം ഇതുവരെയും പട്ടയം നല്കിയിട്ടില്ലാത്ത കേസുകൾ കണ്ടെത്തി |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനുവേണ്ടി നിയോജമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഭൂരഹിതർക്ക് ഭൂമി നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പട്ടയത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഫീൽഡ് പരിശോധന നടത്തി ആവശ്യമെങ്കിൽ കക്ഷികളെ വിചാരണ ചെയ്ത് അപേക്ഷിച്ചിട്ടുള്ള ഭൂമി പതിവിന് യോഗ്യമാണെന്നും അപേക്ഷകന് അർഹത ഉണ്ടെന്നും ഉറപ്പുവരുത്തിയതിനു ശേഷമാണ് തുടർനടപടി സ്വീകരിച്ചുവരുന്നത്. പതിവിന് അപേക്ഷിച്ചിട്ടുള്ള അപേക്ഷകരുടെ യോഗ്യത ഫീൽഡ് പരിശോധനയിലൂടെ ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ മറ്റു നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. അത്തരത്തിൽ പതിവിന് യോഗ്യതയില്ല എന്ന് കണ്ടെത്തുന്ന നിയമാനുസൃതം തുടർനടപടി സ്വീകരിക്കാൻ സാധിക്കാത്ത അപേക്ഷകൾ കുറവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ